പാലക്കാട് റവന്യൂ ജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 17ന് പ്രവർത്തി ദിനം

പാലക്കാട്: പ്രളയത്തെ തുടർന്ന് വിദ്യാലയങ്ങൾക്ക് പ്രാദേശിക അവധി പ്രഖ്യാപിച്ചതിനെത്തുടർന്ന് നഷ്ടപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് നവംബർ 17ന് പാലക്കാട് റവന്യു ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രവർത്തനമായിരിക്കും എന്ന് വിദ്യാഭ്യാസ ഡയറക്റ്റർ അറിയിച്ചു

കൽപ്പാത്തി രഥോത്സവം: 16ന് പ്രാദേശിക അവധി

പാലക്കാട്: കൽപാത്തി രഥോത്സവത്തിനോടനുബന്ധിച്ച് പാലക്കാട് താലൂക്കിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നവംബർ 16ന് അവധിയായിരിക്കുമെന്ന് ജില്ലാ കലക്ടർ ഡി.ബാലമുരളി അറിയിച്ചു. മുൻ നിശ്ചയിച്ച പൊതുപരീക്ഷകൾക്ക് അവധി ബാധകമല്ല.

കനത്ത മഴയ്ക്ക് സാധ്യത

പാലക്കാട്: തമിഴ്നാട് തീരത്ത് രൂപപ്പെട്ടിരിക്കുന്ന ന്യൂനമർദ്ദം കേരള തീരത്തേക്ക് അടുക്കുന്നതിനാൽ ഇന്നും നാളെയും തിയതികളിൽ പാലക്കാട് ജില്ലയിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽയിട്ടുണ്ട്. പൊതു ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു

ഇന്നത്തെ പരിപാടി

പാലക്കാട് പി എം ജി ഹയർ സെക്കന്ററി സ്കൂൾ: റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ഭാഗമായുള്ള രചനാമത്സരങ്ങൾ, രാവിലെ 10 മുതൽ

പാലക്കാട് ചെർപ്പുളശ്ശേരി ഗായത്രി ഗ്രാന്റ് ഓഡിറ്റോറിയം: ടയർ വർക്സ് അസോസിയേഷൻ ജില്ലാ സമ്മേളനം– രാവിലെ 10ന്

ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം ആഘോഷിച്ചു

ജവഹർലാൽ നെഹ്റു ജന്മദിനാഘോഷം ഡി സി സി പ്രസിഡന്റ് വികെ ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട്: ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹറുവിന്റെ 129–ാം ജന്മവാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു.

ഡി.സി.സി. ഓഫീസിൽ നടന്ന പരിപാടി ഡി.സി.സി. പ്രസിഡന്റ് വി.കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. ഡി.സി.സി. ഭാരവാഹികളായ എ. ബാലൻ, കെ. ഭവദാസ്, എ. യു. അംബുജാക്ഷൻ, എ. ആണ്ടി അപ്പു, നേതാക്കളായ അയ്യപ്പൻ, പ്രസാദ്, സി. വി. സതീഷ്, എ. കൃഷ്ണൻ, വി. മേനോൻ, ശ്രീമതി സാവിത്രി വത്സൻ എന്നിവർ സംസാരിച്ചു.

ശിശുദിനാഘോഷം നടത്തി

പാലക്കാട്: ജില്ലാ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ ഘോഷയാത്ര സംഘടിപ്പിച്ചു ഗവ.മോയൻ എൽ പി സ്കൂളിൽ നിന്ന് കോട്ടമൈതാനം വരെ തുറന്ന ജീപ്പിൽ കുട്ടികളുടെ പ്രസിഡണ്ടായി തെരഞ്ഞെടുത്ത പാർവണ ജി വാരിയർ, പ്രധാനമന്ത്രിയായി തെരഞ്ഞെടുത്ത ശബരീഷ് കുട്ടികളെ അഭിവാദ്യം ചെയ്തു.തുടർന്ന് കോട്ട മൈതാനത്ത് നടന്ന ചടങ്ങിൽ കുട്ടികളുടെ പ്രസിഡണ്ട് പാർവണ ജി വാരിയർ അധ്യക്ഷത വഹിച്ചു. പ്രധാനമന്ത്രി ശബരീഷ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ. ശാന്തകുമാരി മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസന്നകുമാരി, എം.രാമചന്ദ്രൻ, വി.കെ കമലം, കുട്ടൻ എ.കെ, ബാലൻ നായർ എന്നിവർ ആശംസ പ്രസംഗം നടത്തി. മത്സര വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സമ്മാനങ്ങൾ നൽകി. സെക്രട്ടറി എം ടി വാസുദേവൻ സ്വാഗതവും ട്രഷറർ കെ വിജയകുമാർ നന്ദിയും പറഞ്ഞു.

പാലക്കാട്: എം ഇ എസ് ഇന്റർനാഷണൽ സ്കൂളിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു. കുട്ടികളെ സ്നേഹിക്കുകയും അവരുടെ ഭാവിയെക്കുറിച്ച് സ്വപ്നം കാണുകയും ചെയ്തിരുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന് ആദരവ് അർപ്പിച്ച് വിദ്യാർ്ഥികൾ ആഘോഷത്തിൽ പങ്കുചേർന്നു.

രാവിലെ നടന്ന ആഘോഷ ചടങ്ങിൽ സ്കൂൾ ചെയർമാൻ ഡോ. കെ പി അബൂബക്കർ, പ്രിൻസിപ്പാൾ ആശാ ബൈജു സംസാരിച്ചു. സ്കൂൾ മാനേജ്മെന്റ് കമമിറ്റി വൈസ് ചെയർമാൻ എം കെ മുഹമ്മദ്കുട്ടി തുടങ്ങിയവർ സംബന്ധിച്ചു.

വിവിധ കലാപരിപാടികളോടൊപ്പം മോണ്ടിസോറി വിദ്യാർത്ഥികൾ ചാച്ചാജിയുടെ ജന്മദിനസന്ദേശം അടങ്ങിയ ആശംസാകാർഡുകൾ നൽകിയും ശിശിദിനാഘോഷം വർണാഭമാക്കി.

പാലക്കാട്: സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളേയും ബാലസൗഹൃദ പഞ്ചായത്തുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ പാലക്കാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. രാഷ്ട്രത്തിന്റെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ്ജിയെ അനുസ്മരിച്ചു. ശിശുദിന പൊതുയോഗം സംസ്ഥാന സെക്രട്ടറി എസ് കരുണാകരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി വി സഹദേവൻ അധ്യക്ഷത വഹിച്ചു. സി ലളിത, സായിരാജ്, അഖിലേഷ് എം എന്നിവർ സംസാരിച്ചു.

കൽപ്പാത്തി രഥോത്സവത്തിന് തുടക്കമായി

കൽപ്പാത്തി ശ്രീവിശാലാക്ഷി സമ്മേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ രഥങ്ങൾ അഗ്രഹാര വീഥികളിൽ പ്രയാണം ആരംഭിച്ചപ്പോൾ

പാലക്കാട്: അനേകായിരങ്ങൾക്ക് ദർശന പുണ്യവുമായി മൂന്നുനാൾ നീണ്ടുനിൽക്കുന്ന ചരിത്രപ്രസിദ്ധമായ കൽപ്പാത്തി രഥോത്സവത്തിന് തുടക്കമായി.

ഒന്നാം തേരുദിവസമായ ഇന്നലെ പത്ത് മണിയോടെ ഉത്സവനാഥനായ കൽപ്പാത്തി ശ്രീ വിശാലാക്ഷി സമ്മേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിലെ മൂന്ന് രഥങ്ങളാണ് അഗ്രഹാര വീഥികളിൽ പ്രയാണം ആരംഭിച്ചത്.

ബഹുവർണ പുഷ്പങ്ങളും നിറദീപങ്ങളും പ്രകൃതി വിഭവങ്ങളും കൊണ്ടലങ്കരിച്ച ദേവരഥങ്ങളിൽ ഒന്നു തൊട്ടുതൊഴാനും രഥം വലിക്കുന്നതിൽ പങ്കാളികളാകാനും ദൂരെ സ്ഥലങ്ങളിൽ നിന്നുപോലും ഭക്തജനങ്ങൾ എത്തിയിരുന്നു.

ഇനിയുള്ള രണ്ടു ദിവസം ഗ്രാമവഴികളിൽ തേരാളികളായ ഭക്തർ നയിക്കുന്ന ദേവരഥങ്ങളുടെ പ്രദിക്ഷണം തുടരും.

വിശാലാക്ഷി സമ്മേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിൽ രാവിലെ ഉപനിഷത്ത് പാരായണം, കല്യാണ ഉത്സവം എന്നീ ചടങ്ങുകൾക്കുശേഷമാണ് ഉത്സവമൂർത്തികളെ പുറത്തെഴുന്നെള്ളിച്ചത്. ആചാരനുഷ്ഠാന പ്രകാരമുള്ള പൂജകൾക്കുശേഷം കർപ്പൂരാരതി ഉഴിഞ്ഞതോടെ രഥപ്രയാണത്തിന് തുടക്കമായത്. മൂന്ന് രഥങ്ങളും പുതിയ കൽപ്പാത്തി ഗ്രാമത്തിന്റെ മധ്യത്തിലെത്തി നില ഉറപ്പിച്ചതോടെ രാവിലത്തെ രഥപ്രദിക്ഷണം സമാപിച്ചു. തുടർന്ന് വൈകീട്ട് രഥയാത്ര പുനരാരംഭിച്ച മന്തക്കര മഹാഗണപതി ക്ഷേത്രത്തിനു മുന്നിലെത്തി മടങ്ങി.

ഇന്ന് പുതിയ കൽപ്പാത്തി മന്തക്കര മഹാഗണപതി ക്ഷേത്രത്തിലെ രഥവും നാളെ പഴയ കൽപ്പാത്തി ലക്ഷ്മീ നാരായണ പെരുമാൾ ക്ഷേത്രത്തിലേയും ചാത്തപ്പുരം പ്രസന്നഗണപതി ക്ഷേത്രങ്ങളിലേയും രഥങ്ങൾ പ്രദിക്ഷണത്തിൽ പങ്കെടുക്കും.

നാല് ക്ഷേത്രങ്ങളിലെ ആറ് രഥങ്ങളിലെത്തുന്ന ദേവീ ദേവന്മാർ വെള്ളിയാഴ്ച വൈകുന്നേരം ശ്രീ വിശാലാക്ഷി സമ്മേത വിശ്വനാഥ സ്വാമി ക്ഷേത്ര പരിസരത്തെ തേരുമുട്ടിയിൽ സംഗമിക്കും. ഇതോടെ പത്തുനാൾ നീണ്ടുനിന്ന കൽപ്പാത്തി രഥോത്സവത്തിന് ശനിയാഴ്ച കൊടിയിറങ്ങും.

ഉത്സവത്തിന് കൊടിയേറിയത് മുതൽ കൽപ്പാത്തിയിൽ നടന്നുവന്ന ഉപനിഷദ് പാരായണവും വേദ പാരായണവും ഇന്നലെ സമാപിച്ചു.

കാശിയിൽപ്പാതി കൽപ്പാത്തി എന്ന ഐതിഹ്യ പെരുമയുള്ള കൽപ്പാത്തി രഥോത്സവത്തിലെ ദിവ്യ മുഹൂർത്തമായ രഥസംഗമത്തിൽ എല്ലാ ദേവീദേവന്മാരേയും ഒന്നിച്ചുകണ്ട് തൊഴുന്നത് മഹാഭാഗ്യമാണെന്നാണ് കരുതുന്നത്.

കൽപ്പാത്തി രഥോത്സവത്തോടെയാണ് പാലക്കാട് ജില്ലയിൽ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കമാകുന്നത്.

വേലകളും പൂരങ്ങളും രഥോത്സവങ്ങളും വിവിധ കലാ പരിപാടികളും സംഗീതാർച്ചനകളും ഗജമേളകളുമായി വിഷു കഴിയുന്നതുവരെ ജില്ലയിൽ ഉത്സവക്കാലം നീളം.

കോൺഗ്രസ് മണ്ഡലം സമ്മേളനം

ഇന്ത്യൻ നാഷണൽ കോൺഗ്രസ് കണ്ണാടി മണ്ഡലം സമ്മേളനം എ ഐ സിസി മെംബർ കെ എ തുളസി ഉദ്ഘാടനം ചെയ്യുന്നു

കണ്ണാടി: ഇന്ത്യൻ നാഷണൽ കോൺഗ്രസ് കണ്ണാടി മണ്ഡലം 170–ാം ബൂത്ത് സമ്മേളനം പറക്കുളത്ത് വെച്ച് ചേർന്നു. എ.ഐ.സി.സി മെംബർ കെ.എ. തുളസി ഉദ്ഘാടനം ചെയ്തു. കെ.പി.സി.സി. മെംബർ കെ.ഐ.കുമാരി, മണ്ഡലം പ്രസിഡണ്ട് എൻ.വിനേഷ്, കെ.കരുണാകരൻ എന്നിവർ സംസാരിച്ചു.കെ.ആർ അനൂപ് അദ്ധ്യക്ഷത വഹിച്ചു. വി.വിനൂപ് സ്വാഗതവും, സി.രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

ഭാരവാഹികൾ

കാവശേരി: കാവശേരി പൂര കമ്മിറ്റി ഭാരവാഹികളായി ബാലകൃഷ്ണൻ നായർ (പ്രസി), കെ രവീന്ദ്രൻ, ബാലഗംഗാധരൻ, വാസുദേവൻ കണ്ടാണത്ത്, പി സുഭാഷ്, പി അനിൽകുമാർ(വൈ പ്രസി), സുരേഷ് കാരക്കാട്(സെക്ര), കെ സി സുന്ദരേശ്വരൻ, മോഹനൻ മണ്ണൂർ, ഗോപാലകൃഷ്ണൻ, കെ വി രാഗേഷ്, മധു ചിറങ്ങര, അജിത്ത്(ജോ സെക്ര), വി മോഹനൻ(ട്രഷറർ), വാസുദേവൻ വാവുള്ളിപതി(ജോ ട്രഷറർ), കെ ഉണ്ണികൃഷ്ണൻ, പി ജയറാം (ഓഡിറ്റർമാർ), 2019 മാർച്ച് 20നാണ് പൂരം.

ഓഫീസ് ഉദ്ഘാടനം

പാലക്കാട്: എസ് സി, എസ് ടി ഏകോപനസമിതി ജില്ലാ കമ്മിറ്റി ഓഫീസ് പാലക്കാട് സ്റ്റേഡിയം കോംപ്ലക്സിൽ സംസ്ഥാന പ്രസിഡന്റ് പി ശശികുമാർ ഉദ്ഘാടനം ചെയ്തു. ചന്ദ്രൻ പി രായിരി അധ്യക്ഷത വഹിച്ചു. വി മുഹമ്മദ്, വേലായുധൻ, ഷെറീന, എൻ സിൻസി, അനന്തലക്ഷ്മി എന്നിവർ സംസാരിച്ചു.

സഹകരണ വാരാഘോഷം നടത്തി

പുതുനഗരം: കരിപ്പോട് പ്രിയദർശിനി വനിതാ സഹകരണ സംഘം 1327ൽ സഹകരണ വാരാഘോഷം നടത്തി. പരിപാടിയിൽ സംഘം വൈസ് പ്രസിഡന്റ് ബൽക്കീസ് യാക്കൂബിന്റെ അധ്യക്ഷതയിൽ സംഘം പ്രസിഡന്റ് പ്രീതി ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. സംഘം ഡയറക്ടർമാരായ റംലത്ത്, അനിതാ സ്വാമിനാഥൻ, ശോഭദാസ്, സംഘം ജീവനക്കാരായ സബിത, പത്മജ, ശിവദാസൻ എന്നിവർ സംസാരിച്ചു.

നഷ്ടപ്പെട്ടു

എന്റെ ഭർത്താവ് മുത്തുച്ചാമി എന്നവരുടെ പേരിലുള്ളതും ടിയാന് അവകാശപ്പെട്ടതുമായ പാലക്കാട് സബ് രജിസ്റ്റർ 1–ാം പുസ്തകം 1984ൽ 2413–ാം നമ്പർ തീരാധാരം ഞങ്ങളുടെ കൈയ്യിൽ നിന്നും കൈമോശം വന്നിരിക്കയാൽ ആയതിന്റെ സർട്ടിഫൈഡ് കോപ്പി വെച്ച് ക്രയവിക്രയം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇന്നുമുതൽ 7 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുക.

15–11–18 എന്ന്,
നാഗമ്മ, W/o. മുത്തുച്ചാമി,
മേലേ പോക്കാൻതോട്,
മേനോൻപാറ പി.ഒ., എലപ്പുള്ളി
വില്ലേജ്, ഫോൺ: 9943853897

തൊഴിലാളി ദ്രോഹം മോദിക്ക് തിരിച്ചടിയാകും

പാലക്കാട്: ഇന്ത്യൻ തൊഴിലാളിവർഗം വർഷങ്ങളായി സമരം ചെയ്ത് നേടിയെടുത്ത അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുത്ത നരേന്ദ്രമോദി സർക്കാർ കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ തിരിച്ചടിയാണ് ഉപതിരഞ്ഞെടുപ്പുകളിൽ ബി ജെ പിക്ക് കനത്ത തിരിച്ചടി ലഭിക്കുന്നതെന്ന് ഐ എൻ ടി യു സി ജില്ലാ പ്രസിഡന്റ് ചീങ്ങനൂർ മനോജ് പ്രസ്താവിച്ചു. ജവഹർലാൽ നെഹ്റു ക്ഷേത്രങ്ങളെപ്പോലെ പണിതുയർത്തിയ നവരത്ന കമ്പനികളും റെയിൽവേയും വിറ്റു കാശാക്കാൻ ശ്രമിക്കുന്ന നരേന്ദ്രമോദി രാജ്യത്തെ 65 ശതമാനം ജനങ്ങളും തൊഴിലാളികളാണ് എന്ന കാര്യം മറക്കരുതെന്നും പറഞ്ഞു. ഐ എൻ ടി യു സി മലമ്പുഴ റീജ്യണൽ കമമിറ്റി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ ഐ എൻ ടി യു സി മലമ്പുഴ റീജ്യണൽ പ്രസിഡന്റ് എം ആർ അനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറിഎം മണി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ നേതാക്കളായ കെ വി ദേവൻ, സുമയ്യ, സജിത ശരവണൻ, എൻ നാരായണൻ, ഡോ. വേണു പി കെ, മണ്ഡലം പ്രസിഡന്റുമാരായ വിശ്വനാഥൻ, ഷംസുദ്ദീൻ ടി എം, പ്രജേഷ് മലമ്പുഴ, ഗിരീഷ്, സുരേഷ് എന്നിവർ സംസാരിച്ചു.

കെ എസ് എസ് പി എ വാർഷിക സമ്മേളനം

കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പാലക്കാട് ടൗൺ നോർത്ത് മണ്ഡലം വാർഷിക സമ്മേളനം ജില്ലാ പ്രസിഡന്റ് സി വേലായുധൻ ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട്: കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പാലക്കാട് ടൗൺ നോർത്ത് മണ്ഡലം വാർഷിക സമ്മേളനം ജില്ലാ പ്രസിഡന്റ് സി വേലായുധൻ ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ ടൗൺ നോർത്ത് മണ്ഡലം പ്രസിഡന്റ് പി ചന്ദ്രശേഖരൻ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സി ബാലൻ, സംസ്ഥാന കമ്മിറ്റിയംഗം പുത്തൂർ രാമകൃഷ്ണൻ, ജില്ലാ ട്രഷറർ സി കെ ജിതേന്ദ്രൻ, നിയോജക മണ്ഡലം പ്രസിഡന്റ് മമ്പറം മണി, സെക്രടട്ടറി കെ അനന്തൻ മാസ്റ്റർ, എം എം തോമസ്, നളിനി ആലീസ്, എ കെ സുൽത്താൻ, വി കെ രാധാകൃഷ്ണൻ, എ ആറുമുഖൻ, സി വാസു, കെ എം എം എം റഷീദ് എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി പി ചന്ദ്രശേഖരൻ (പ്രസിഡന്റ്), പി കെ നാരായണൻകുട്ടി, കെ എ വിജയകുമാർ (വൈസ് പ്രസിഡന്റുമാർ), വി കെ രാധാകൃഷ്ണൻ (സെക്രട്ടറി), സി വാസു, എം കെ സിദ്ധാർത്ഥൻ (ജോയിന്റ് സെക്രട്ടറിമാർ), എ ആറുമുഖൻ (ട്രഷറർ), ബി പാത്തൂട്ടി (മഹിളാ ഫോറം പ്രസിഡന്റ്), ഹേമാംബിക (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

അറിയിപ്പ്

2008 മാർച്ച് വർഷത്തെ 287458 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്എസ്എൽ സി സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്തവിധം കൈമോശം വന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിനായി പരീക്ഷ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൻ മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ശരണ്യ. സി, D/o.ചന്ദ്രൻ,
ഉപ്പുംപാടം, കിണാശ്ശേരി പി.ഒ.,
പാലക്കാട്- 678 701

ജില്ലയിലെ ആദ്യ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തൃത്താലയിൽ ഉദ്ഘാടനത്തിനൊരുങ്ങുന്നു

പട്ടാമ്പി: ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തൃത്താലയിലെ ചാത്തന്നൂരിൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാനത്തിനൊരുങ്ങുങ്ങി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വി.ടി.ബൽറാം എം.എൽ.എയുടെ ശ്രമഫലമായാണ് തൃത്താലയിൽ സ്കിൽ പാർക്ക് അനുവദിച്ചത്. 25000ത്തോളം സ്ക്വയർ ഫീറ്റിൽ ആധുനിക രീതിയിൽ പരിസ്ഥിതി സൗഹൃദശൈലിയിൽ നിർമ്മിച്ചിരിക്കുന്ന പാർക്കിന്റെ കെട്ടിടം. പൂർണ്ണമായും സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്നതുമാണ്.

പുതിയ കാലത്തെ തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ തൊഴിൽ മേഖലകൾക്കനുയോജ്യമാവുന്ന തരത്തിലുള്ള നൈപുണ്യ പരിശീലനത്തിനായി വിപുലമായ സൗകര്യങ്ങാണൊരുക്കിയിരിക്കുന്നത്. സമാനമായ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് മൂന്ന് സ്ഥലങ്ങളിൽ മാത്രമാരംഭിച്ച കൗശൽ കേന്ദ്ര തൃത്താലയിലെകൂറ്റനാട് പ്രവർത്തിക്കുന്നുണ്ട്. സ്കിൽ പാർക്ക് വരുന്നതോടെ നൈപുണ്യ പരിശീലന രംഗത്ത് രണ്ട് പ്രധാന സ്ഥാപനങ്ങളുള്ള കേരളത്തിലെ ആദ്യ നിയോജകമണ്ഡലമായി തൃത്താല മാറുകയാണ്. കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, ഇന്റേൺഷിപ്പ് അവസരങ്ങളുമുണ്ടാകും. മികച്ച രീതിയിൽ പരിശീലനം പൂർത്തിയാക്കുന്നവർക്കു തൊഴിൽ നേടാനുള്ള സഹായവും സ്കിൽ പാർക്കിൽ ലഭിക്കും.

നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനേക്കുറിച്ച് കേന്ദ്ര സർക്കാർ ആലോചനഘട്ടത്തിൽ നിൽക്കുന്ന സമയത്താണ്. അന്നത്തെ യു.ഡി.എഫ് സർക്കാർ കമ്മ്യൂണിറ്റി സികിൽ പാർക്കിന് തുടക്കം കുറിച്ച് കേരളം രാജ്യത്തിന് തന്നെ മാതൃക കാണിച്ചത്'

കൺവൻഷൻ നടത്തി

പാലക്കാട്: കേരള പാരാമെഡിക്കൽ ലബോറട്ടറി ഓണേഴ്സ് ഫെഡറേഷൻ ജില്ലാ കൺവെൻഷൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ ശാന്തകുമാരി ഉദ്ഘാടനം ചെയ്തു.ആർ.ബി.എൽ രാജൻ അദ്ധ്യക്ഷനായി. എസ് ദിനേഷ്,മണികണ്ഠൻ,കെ.എൻ ഗിരീഷ്,സലീം,റഷീദ് എന്നിവർ സംസാരിച്ചു.കെ.കെസുധാകരൻ ക്ലാസ്സെടുത്തു. എം ചെന്താമര സ്വാഗതം ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ
എൽ.എസ്.ജി.ഡി സെക്ഷൻ,
പട്ടാമ്പി മുനിസിപ്പാലിറ്റി
തീയതി: 14–11–2018

പട്ടാമ്പി നഗരസഭ

ടെണ്ടർ പരസ്യം

പട്ടാമ്പി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതികളുടെ മീറ്റർ റീഡിംഗിനു വേണ്ടി ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീനുകൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച വിശദ വിവരം വിൻഡോ നമ്പർ M89666/2018 എന്ന നമ്പറിൽ www.tender.lsgkerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.

എന്ന്,
(ഒപ്പ്) അസിസ്റ്റന്റ് എഞ്ചിനീയർ

ഗാന്ധി സന്ദേശ സ്റ്റിക്കറുകൾ വിതരണം ചെയ്തു

ഗാന്ധിയൻ സന്ദേശങ്ങൾ ആലേഖനം ചെയ്ത സ്റ്റിക്കറുകളുടെ വിതരണോദ്ഘാടനം കെ എ ചന്ദ്രൻ നിർവഹിക്കുന്നു

ശ്രീകൃഷ്ണപുരം: രാഷ്ട്രപിതാവ് മഹാത്മജിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാണ്ടു പിന്നിടുന്ന സന്ദർഭത്തിൽ നടപ്പിലാക്കുന്ന രക്ത സാക്ഷ്യം പരിപാടിയുടെ ഭാഗമായി ബ്ളോക്ക് പഞ്ചായത്ത് ഗാന്ധിയൻ സന്ദേശങ്ങൾ ആലേഖനം ചെയ്ത മുപ്പതിനായിരം സ്റ്റിക്കറുകൾ വിതരണം ശിശുദിനത്തിൽ ബ്ലോക്ക് പരിധിയിലെ 65 വിദ്യാലയങ്ങളിൽ നടന്ന ഗാന്ധി സ്മൃതി സദസ്സുകളിലാണ് സ്റ്റിക്കറുകൾ വിതരണം ചെയ്തത്. വിദ്യാർഥികൾ മുഖേന വിതരണം ചെയ്യുന്ന സ്റ്റിക്കറുകൾ വീടുകളിലും കടകളിലും സ്ഥാപനങ്ങളിലും പതിച്ചു കൊണ്ട് ഗാന്ധി സൂക്തങ്ങൾ സമൂഹമധ്യത്തിലേക്കെ ത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ബ്ലോക്ക്തല ഉദ്ഘാടനം എളമ്പുലാശ്ശേരി കരുണാകര എയുപിസ്കൂളിൽവെച്ച് ഗാന്ധിയൻ കെ.എ.ചന്ദ്രൻ നിർവ്വഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് പി.അരവിന്ദാക്ഷൻ അധ്യക്ഷതവഹിച്ചു. പി.എം.നാരായണൻ , ടി, രാമ ചന്ദ്രൻ, പി.കുഞ്ഞഹമ്മദ്, പി.മോഹനൻ, ചന്ദ്രിക രവീന്ദ്രൻ, പി. ഹരിഗോവിന്ദൻ, പ്രസാദ്, എ.മുഹമ്മദാലി, സി.എസ്.ശോഭ സംസാരിച്ചു.

പറക്കുളം ശുദ്ധജല വിതരണ പദ്ധതി: ഗാർഹിക കണക്ഷൻ ജനുവരി മുതൽ

പട്ടാമ്പി: തൃത്താല പറക്കുളം ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷനുള്ള അപേക്ഷ അടുത്ത മാസം മുതൽ സ്വീകരിച്ച് തുടങ്ങുമന്ന് വി.ടി.ബൽറാം എം.എൽ.എ അറിയിച്ചു. ആനക്കര, കപ്പൂർ, പട്ടിത്തറ, പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയാണിത്. ഒരു ലക്ഷത്തോളം പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഗുണഭോക്താക്കളുടെ സൗകര്യം കണക്കിലടുത്ത് പ്രത്യേക അദാലത്തിലൂടെ അപേക്ഷ സ്വീകരിക്കും. പദ്ധതിയുടെ ട്രയൽ അടുത്തയാഴ്ച തുടങ്ങും, ജനുവരി മുതൽ കണക്ഷൻ നൽകുന്നതിന് ഗുണഭോക്താക്കളുടെ സൗകര്യം കണക്കിലടുത്ത് പഞ്ചായത്ത് കേന്ദ്രങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിന് അദാലത്ത് നടത്തും. ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിനും ബില്ല് അടക്കുന്നതിനും പറക്കുളത്ത് പുതിയ ഡിവിഷൻ ഓഫീസ് തുടങ്ങണമന്ന് വാട്ടർ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടതായും എം.എൽ.എ പറഞ്ഞു. പറക്കുളത്തിന് പുറമെ കപ്പൂരിലെ മക്കാട്ടും. പട്ടിത്തറയിലെ കല്ലേരി കുന്നിലും. ജലസംഭരണികളും പൂർത്തിയായി. ജല ശുദ്ധീകരണശാലയും സജ്ജീകരിച്ചു കഴിഞ്ഞു. പദ്ധ തിയുടെ വിപുലീകരണത്തിന് ഒമ്പതരകോടി രൂപ കൂടി അനുവദിച്ചതായി എം.എൽ.എ പറഞ്ഞു. വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരുമായി എം.എൽ.എ. പദ്ധതി പ്രവർത്തന അവലോകനം നടത്തി. ഇ.ഇ. ഷൈജു.പി.തടത്തിൽ, എ.എക്സി. ഇ സലീം കുമാർ, എ.ഇ അബ്ദുനാസർ, പ്രൊജക്റ്റ് എ.ഇ അബ്ദുറഹീം. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.ബാലകൃഷ്ണൻ കപ്പൂർ പഞ്ചായത് മെമ്പർ അലി കുമരനല്ലൂർ തുടങ്ങിയവർ സംബന്ധിച്ചു.

ഇൻഫർമേഷൻ അസിസ്റ്റന്റ്: റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

പാലക്കാട്: പ്രിസം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ല ഇൻഫർമേഷൻ ഓഫീസിൽ ഒഴിവുള്ള ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ എംപാനൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസ് നോട്ടീസ് ബോർഡിൽ പട്ടികയുടെ പകർപ്പ് പരിശോധിക്കാവുന്നതാണ്. ഫോൺ: 0491 –2505329

A6-53/2017-18

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
മുളയൻകാവ് പി.ഒ., പാലക്കാട്- 679337
ഫോൺ: 2215313. തീയതി: 14–11–2018

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

MGNREGS ടെണ്ടർ പരസ്യം

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2018–19 വർഷത്തെ പദ്ധയിൽപ്പെട്ട പ്രവൃത്തികൾ നടപ്പാക്കുന്നതിന് ആവശ്യമായി വരുന്ന നിശ്ചിത നിലവാരത്തിലും അളവിലും ഗുണമേന്മയുമുള്ള സാധന സാമഗ്രികൾ അതാത് സ്ഥലത്ത് നിശ്ചിത സമയത്ത് ലഭ്യമാക്കി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്താനും പ്രവൃത്തി സ്ഥലത്ത് ആവശ്യമുള്ള ഉപകരണങ്ങൾ നിശ്ചിത ഗുണനിലവാരത്തിൽ പ്രവർത്തിപ്പിക്കാനും ജി. എസ്.ടി നമ്പർ ഉള്ള സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിക്കുന്നു. ടെണ്ടർ ഫോമുകൾ 28 –11–2018 ഉച്ചക്ക് 12 മണിവരെ ലഭിക്കുന്നതാണ്. മുദ്രവച്ച കവറിൽ നേരിട്ട് 28–11–2018ന് 3 മണിവരെ സ്വീകരിക്കുന്നതാണ്. അന്നേദിവസം 4 മണിക്ക് ടെണ്ടർ തുറക്കുന്നതുമാണ്. വിശദ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

അന്നേദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം നടത്തുന്നതായിരിക്കും. ക്വട്ടേഷൻ/ടെണ്ടർ അംഗീകരിക്കുന്നതിനും, നിരസിക്കുന്നതിനോ നീട്ടി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയിൽ നിക്ഷിപ്തമാണ്.

കുലുക്കല്ലൂർ
14–11–2018

(ഒപ്പ്) സെക്രട്ടറി
കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്